**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1455

11.06.2019-ൽ
മറുപടിയ്ക്ക്

**ഭവനനിർമ്മാണ സാമഗ്രികൾ**

| | **ചോദ്യം**<br>ശ്രീ. അബ്ദുൽ ഹമീദ്.പി. | | **ഉത്തരം**<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചെലവ് കുറഞ്ഞതും സുലഭവുമായ ഭവനനിർമ്മാണ സാമഗ്രികൾ കണ്ടെത്തുന്നതിന് ഭവനനിർമ്മാണ ബോർഡ് ഏതെങ്കിലും തരത്തിലുള്ള ഗവേഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (എ) | ചെലവ് കുറഞ്ഞതും സുലഭവുമായ ഭവന നിർമ്മാണ സാമഗ്രികൾ കണ്ടെത്തുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപടി സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ ഒരു പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഭവനനിർമ്മാണ രംഗത്ത് മണൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ പകരം ഉപയോഗിക്കാവുന്ന മറ്റു വസ്തുക്കൾ കണ്ടെത്തുന്നതിന് വകുപ്പ് എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണത്തിനായി വിവിധ ബദൽ സാമഗ്രികളുടെ ഉത്പാദനവും വിപണനവും നടത്തി വരുന്നു. മണലിന്റെ ഉപയോഗം പരമാവധി കുറച്ച് ഇന്റർലോക്ക് കോൺക്രീറ്റ് കട്ടകൾ, ദൃഢപ്പെടുത്തിയ ഇന്റർലോക്ക് മൺകട്ടകൾ തുടങ്ങിയവ നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. കെട്ടിട നിർമ്മാണ മേഖലയിലെ നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് സാങ്കേതിക വിദ്യകളുടെ നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന ഒരു ഉത്പാദന കേന്ദ്രം ആരംഭിക്കുന്നത് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പരിഗണനയിലുണ്ട്. പ്രീഫാബ് ടെക്നോളജിയുടെ ഉപയോഗം വ്യാപകമാക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കാമ്പസിൽ ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ